പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1595    14.06.2013 - ൽ മറുപടിയ്ക്ക്

## <u>വിശപ്പ് രഹിത നഗരം</u>

ചോദ്യം

ശ്രീ. ലൂഡി ലൂയിസ്
ശ്രീ. വി. ഡി. സതീശൻ
ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. വർക്കല കഹാർ

ഉത്തരം

**ഡോ. എം.കെ. മുനീർ**
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിശപ്പ് രഹിത നഗരം പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്. അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിൽ എത്തിച്ചേരുന്നവരിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഭക്ഷണം കഴിയ്ക്കാതെ വിശന്നിരിക്കുന്നവർക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകുക എന്ന ഉദ്ദേശത്തോടു കൂടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് വിശപ്പ് രഹിത നഗരം പദ്ധതി. ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുള്ള രോഗികൾക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകുന്നതിന് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ആശുപത്രികളിലെ രോഗികൾക്ക് സൗജന്യ ഉച്ചഭക്ഷണം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | | |
| (സി) | ആയതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ചും കൊല്ലം, മലപ്പുറം, തിരുവനന്തപുരം എന്നീ നഗരങ്ങളിലും പദ്ധതി നടപ്പാക്കി വരുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ